# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മേപ്പാടി ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്യൂ.വൈ.ഡി. -പി4-754/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇ-മെയിൽ –do.wyd.ksad@kerala.gov.in
ഫോൺ -04936-203672

തിയതി. 11/11/2016

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
വയനാട്.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മേപ്പാടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : മേപ്പാടി ഗ്രാമ പഞ്ചായത്ത് - 2015-16-സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-7, 3-11, 3-14 എന്നീ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

പകർപ്പ് :1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഡബ്യൂ.വൈ.ഡി. -പി4-754/16

തിയ്യതി: 11.11.2016

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക

വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 18.09.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | പി.എസ്.വസന്ത | ഓഡിറ്റ് ഓഫീസർ |
| 2 | പി.ഷാജി | സീ.ഗ്രേഡ് ഓഡിറ്റർ |
| 3 | ഇന്ദു.കെ.നായർ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.റംല കുഞ്ഞാപ്പ | 1.4.15 മുതൽ 31.10.15 വരെ |
| | ശ്രീ.കെ.കെ.സഹദ് | 01.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീ.എം.ഹമീദ് | 1.4.15 മുതൽ 20.04.15 വരെ |
| | ശ്രീ.സി.കെ.മധുസൂധനൻ | 21.04.15 മുതൽ 07.06.15 വരെ |

| | | |
|---|---|---|
| | ശ്രീ.ജോസ് ഈപ്പൻ | 08.06.15 മുതൽ 03.08.15 വരെ |
| | ശ്രീ.വി.ഹംസ | 04.08.15 മുതൽ 31.03.16 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| ശ്രീ.ജോസ് ഈപ്പൻ | അസി.സെക്രട്ടറി | 1.4.15 മുതൽ 18.08.15 വരെ |
| ശ്രീ.എൻ.അനിൽകുമാർ | അസി.സെക്രട്ടറി | 19.08.15 മുതൽ 31.03.16 വരെ |
| ശ്രീ.അജിത് ജേക്കബ് | അസി.എൻജിനീയർ | 1.4.15 മുതൽ 31.03.16 വരെ |
| കെ.എം.ബാബു | കൃഷി ഓഫീസർ | 1.4.15 മുതൽ 31.3.16 വരെ |
| ഡോ.പി.ആർ.പ്രദീപി കുമാർ | വെറ്റിനറി സർജൻ | 1.4.15 മുതൽ 31.3.16 വരെ |
| ഡോ.ഹരിശങ്കർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1.4.15 മുതൽ 26.10.15 വരെ |
| ഡോ.ആരിഫ വി.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 27.10.15 മുതൽ 31.1.16 വരെ |

| | | |
|---|---|---|
| ഡോ.സ്മിത.കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01.2.16 മുതൽ 31.3.16 വരെ |
| ഡോ.ബിജോയ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 1.4.15 മുതൽ 18.10.15 വരെ |
| ഡോ.നജില.ഇ.പി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 19/10/15 മുതൽ 31.01.2016 വരെ |
| നിഷ.പി.വി | വി.ഇ.ഒ | 1.4.15 മുതൽ 31.3.16 വരെ |
| ഗിരിജ.കെ.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 1.4.15 മുതൽ 31.3.16 വരെ |
| എ.ജി.ഉണ്ണികൃഷ്ണൻ | റ്റി.ഇ.ഒ | 1.4.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |

| | | | |
|---|---|---|---|
| | ഭാഗം-II | | |
| 11 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 2-1 | |
| 12 | ഷോപ്പിംഗ് കോംപ്ലക്സ് വാടക-ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-2 | |
| 33 | തൊഴിൽ നികുതി | 2-3 | |
| 14 | ഡി & ഒ ലൈസൻസ് -അപാകതകൾ | 2-4 | |
| 15 | കെട്ടിട നിർമ്മാണ അനുമതി ചട്ടങ്ങൾ പാലിക്കുന്നില്ല | 2-5 | |
| 16 | നികുതി നികുതിയേതര രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകൾ | 2-6 | |

| | | | |
|---|---|---|---|
| | ഭാഗം-III | | |
| 17 | മീഡിയാ ശ്രീ പദ്ധതിക്ക് തുക നൽകി-ഡോക്യുമെന്ററി ചിത്രം ലഭ്യമല്ല | 3-1 | |

| | | | |
|---|---|---|---|
| 18 | എസ്.ടി യുവതി യുവാക്കൾക്ക് ഓട്ടോറിക്ഷ ധനസഹായം-അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 3-2 | |
| 19 | എസ്.സി വനിതകൾക്ക് വീടും സ്ഥലവും-ആധാരത്തിന്റെ കോപ്പി ലഭ്യമാക്കൽ | 3-3 | |
| 20 | പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണം-പദ്ധതി നടത്തിപ്പ് ഏകോപനമില്ല | 3-4 | |
| 21 | മറ്റ് സ്ഥാപനങ്ങളിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം ഒടുക്ക്-പുരോഗതി വിവരം,സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല | 3-5 | |
| 22 | സംയുക്ത പ്രോജക്ട്-മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-6 | |
| 23 | മുട്ടക്കോഴി വളർത്തൽ പ്രോത്സാഹനം-99833 രൂപ അധികം നൽകി | 3-7 | |
| 24 | വനിതാ ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി-അധികം നൽകിയ തുക നിരാകരിക്കുന്നു. | 3-8 | |
| 25 | പച്ചക്കറി കൃഷി പ്രോത്സാഹനം-തൈ വിതരണ വിവരം ഇല്ല;ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-9 | |

| | | | |
|---|---|---|---|
| 26 | എരുമക്കൊല്ലി കുടിവെള്ള പദ്ധതി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 3-10 | |
| 27 | റോഡ് കോൺക്രീറ്റ് പ്രവൃത്തി -കുറവ് സിമന്റ് ഉപയോഗിച്ചു | 3-11 | |
| 28 | ഇ-ടെണ്ടർ സമ്പ്രദായം-നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല | 3-12 | |
| 29 | സംരക്ഷണ ഗ്രാന്റ് (റോഡ്) വകമാറ്റി റോഡ് കോൺക്രീറ്റിന് വിനിയോഗിച്ചു | 3-13 | |
| 30 | പൊതുമരാമത്ത് പ്രവൃത്തികൾ-വാറ്റ് ഇനത്തിൽ കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള നിരക്ക് ഈടാക്കിയില്ല- | 3-14 | |
| 31 | പൊതുമരാമത്ത് പ്രവൃത്തികൾ-ചെമ്പ്ര എസ്.സി കോളനി വൈദ്യുതീകരണം സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-15 | |
| 32 | കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ഒടുക്ക് -കൈപ്പറ്റ് വിവരം ലഭ്യമല്ല. | 3-16 | |
| 33 | ചൂരൽമല വൃദ്ധ വികലാംഗ മന്ദിരം-ലക്ഷ്യം കൈവരിച്ചില്ല | 3-17 | |
| 34 | ആശ്രയ പദ്ധതി-പുരോഗതി വിവരം | 3-18 | |

| | | |
|---|---|---|
| 35 | ഭാഗം-IVഓഡിറ്റ് പ്രത്യവലോകനം | |
| 36 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 43 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |


46

474849

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |

| | |
|---|---|
| 138/16 dt: 30.05.2016 | -- |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 31.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 57148051

വരവ് -68353811

ആകെ -125501862

ചെലവ് -95401767

നീക്കിബാക്കി -30100095

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 6129898 | 12159012 | 18288910 | 20149581 | 14981126 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്(എസ്.സി.പി) | 6519652 | 13106652 | 19626304 | 7017131 | 6104652 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 6466125 | 9108784 | 15574909 | 8754784 | 3791873 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 264670 | 11342000 | 11606670 | 11471866 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4838637 | 5214000 | 10052637 | 7573189 | - | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4034631 | 11458613 | 15493244 | 10950890 | 1071933 | 0 |
| ലോക ബാങ്ക് സഹായം | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പിലാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 273 | 213 | 0 | 60 | 78 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| അസി.എഞ്ചിനീയർ | 207 | 171 | 58407496 | 46529193 | 79.66 |
| അസി.സെക്രട്ടറി | 9 | 3 | 739800 | 249600 | 33.74 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 6391980 | 4874403 | 76.25 |
| കൃഷി ഓഫീസർ | 3 | 3 | 991802 | 991802 | 100 |
| മെഡിക്കൽ ഓഫീസർ,പിഎച്ച്സി | 2 | 2 | 540000 | 540000 | 100 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 3 | 3 | 1100000 | 1100000 | 100 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ | 9 | 8 | 41734000 | 10788000 | 25.84 |
| വെറ്ററിനറി സർജൻ | 4 | 4 | 1858400 | 1366466 | 73.52 |
| സെക്രട്ടറി | 21 | 4 | 8577579 | 5915718 | 68.96 |
| ഹെഡ്മിസ്ട്രസ്സ് | 9 | 9 | 1950000 | 1853350 | 95.04 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2507156 | 2545030 | (+)37874 | (+)1.50 |
| നികുതിയേതര വരവുകൾ | 1589005 | 884802 | (-)704203 | (-)79.69 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 337028 | 453087 | (+)116029 | (+)25.61 |

| | | | | |
|---|---|---|---|---|
| പലിശ | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 10889402 | 12154391 | (+)1264989 | (+)10.41 |
| വാട്ടർ ചാർജ്ജ് | 1416059 | 3546877 | (+)2130818 | (+)60.10 |
| ആകെ | 16738650 | 15984157 | (-)754493 | (-)4.72 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

ക്ഷേമപെൻഷനകളുടെ അപേക്ഷാ രജിസ്റ്ററുകൾ ഓഡിറ്റ് വർഷത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ വിവരം റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20/10/2016 10.30 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2115/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 31.05.2016 | 2/2016-3/16 | 31.05.2016 | -- |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 04.05.2002 | 1999-00 | 23.07.2002 | --- |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഈടാക്കിയതിൽ കുറവ്

പഞ്ചായത്തിലെ 10-ാം വാർഡിൽ വെള്ളരിമല വില്ലേജിൽ റീ സർവേ നം . 158/1/2 ൽ പെട്ട സൂസി പീറ്റർ എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ആറു യൂണിറ്റിലുകളായി പണിത വാസഗൃഹ യൂണിറ്റിന് (ഹോംസ്റ്റേ ) 2015-16 ൽ 10/616 -621 വരെയുള്ള കെട്ടിട നം നൽകിയിട്ടുണ്ട് . ആയതിന്റെ നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ട് .

കെട്ടിടം സ്ഥിതി ചെയ്യുന്നത് ത്രീതീയ മേഖലയിലാണ്( 2011 -ലെ വസ്തുനികുതിയും സർചാർജ്ജ് ചട്ടങ്ങളിലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം ഇളവ് ) . കെട്ടിടത്തിന്റെ സമീപത്തുള്ള റോഡ് 8 മീ. വിതിയുള്ള സൂചിപ്പാറ റോഡാണ് .( 2011 -ലെ വസ്തുനികുതിയും സർചാർജ്ജ് ചട്ടങ്ങളിലെ പട്ടിക 2 പ്രകാരംഅടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവ് ) . പഞ്ചായത്തിൽ നിലവിലെ വസ്തു നികുതി നിരക്കുകൾ പ്രകാരം സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ എന്നിവയ്ക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ഒരു ചതുരശ്രമീറ്ററിന് 60 രൂപയാണ് . എന്നാൽ ഒരു ചതുരശ്രമീറ്ററിന് 30 രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചതിന്. കെട്ടിട പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ക്രമ നം. | വിസ്തീർണ്ണം | യഥാർത്ഥവസ്തുനികുതി(പ്ലിന്റ്ഏരിയ*60 + വർദ്ധനവ് 20%- ഇളവ് 20 % +ലൈബ്രറി സെസ് ) | |
|---|---|---|---|
| 1 | 51.22m2 | 3073.2+614.64- 614.64+154 | 3227രൂപ |
| 2 | 51.22m2 | 3073.2+614.64- 614.64+154 | 3227രൂപ |
| 3 | 47.65m2 | 2859+143 | 3002രൂപ |
| 4 | 49.10m2 | 2946 + 148 | 3094രൂപ |
| 5 | 53.44m2 | 3206.4+160 | 3366രൂപ |
| 6 | 46.35m2 | 2781+140 | 2921രൂപ |
| | | ആകെ | 18837 |

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 10/616 | 49.8m2 | 1568 (11504103092/18/ 11/2015) |
| 2 | 10/617 | 49.8m2 | 1727(11504103093/18/ 11/2015) |
| 3 | 10/618 | 49.8m2 | 1701(11504103094/18/ 11/2015) |
| 4 | 10/619 | 49.8m2 | 1547 (11504103095/18/ 11/2015) |
| 5 | 10/620 | 49.8m2 | 1569 (11504103096/18/ 11/2015) |
| 6 | 10/621 | 49.8m2 | 1569 (11504103097/18/ 11/2015) |
| | | ആകെ | 9681 |

യഥാർത്ഥത്തിലുള്ള വസ്തുനികുതി 18,837/ രൂപയാണ് . വസ്തുനികുതി നിർണ്ണയിച്ചത് 9681/ രൂപയാണ് . മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . 9156 (18837 – 9681) രൂപ ഈടാക്കി നികുതി പുനർ നിർണ്ണയിച്ചതിൻെറ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഷോപ്പിംഗ് കോംപ്ലക്സ് വാടക - ഓഡിറ്റ് നിരീക്ഷണങ്ങൾ

1)ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ വാടകയ്ക്ക് നൽകാവുന്ന 68 കടമുറികളും 12 മത്സ്യ – മാർക്കറ്റ് സ്റ്റാളുകളും ഉള്ളതിൽ 60 എണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ട് . 4 കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നവയാണ് . ആയത് വാടകയ്ക്ക് നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ് .

2) പഞ്ചായത്തിന്റെ പഴയ ഷോപ്പിംഗ് കോംപ്ളക്സിൽ പ്രർത്തിക്കുന്ന പോളിടെക്നിക് കോളേജിൽ നിന്നും 05/2002 മുതലുള്ള വാടക ലഭിക്കുന്നില്ല. മേൽ വിഷയത്തെക്കുറിച്ച് 2014-15 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖ: 2-4(III) പരാമർശിച്ചിട്ടുങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

3)ഷോപ്പിംഗ് കെട്ടിടത്തിലെ VI/78,79,80എന്നീ മുറികൾ ഭരണസമിതിയുടെ 8.7.2014 ലെ 222(ഐ) തീരുമാനം പ്രകാരം പ്രിയദർശിനി കൺസ്യൂമർഫെഡിന് 2014 ആഗസ്റ്റ് മുതൽ നൽകിയിട്ടുണ്ടങ്കിലും വാടക ഈടാക്കി തുടങ്ങിയിട്ടില്ല . ആയതിന്റെ വാടക നിശ്ചയിക്കുന്നതിന് പൊതുമരാമത്ത് അസി. എഞ്ചിനീയറോട് 19.09.2014 ലെ A4-1031/14 -ാം നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതിനു നൽകിയ മറുപടിയിൽ ( ഡി1/814/14 തീ : 7.10.2014 ) സ്ഥലത്തിന്റെ ഭൂവില നിർണ്ണയിച്ച് നൽകാൻ അറിയിച്ചിരുന്നു . ഭൂവില നിർണ്ണയിച്ച് നൽകാൻ സെക്രട്ടറി ( എ4-1032/15 തീ : 01.09.2015 നം .കത്ത് ) കോട്ടപ്പടി വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടുവെങ്കിലും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ആധാരം , നികുതി രശീത് എന്നിവ ഹാജരാക്കാത്തതിനാൽ വില്ലേജ് ഓഫീസർ ഭൂവില നിർണ്ണയിച്ച് നൽകിയിട്ടില്ല . 10.03.2016 ലെ A4-1031/14 നം കത്തിലൂടെ സെക്രട്ടറി പൊതുമരാമത്ത് അസി. എഞ്ചിനീയറോട് സ്ക്വയർ ഫീറ്റിന് നികുതി നിശ്ചയിക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ചട്ടവിരുദ്ധമാണെന്ന് ടിയാൻ മറുപടി നൽകതിയതിനാൽ നാളിതു വരെ വാടക നിശ്ചയിച്ചിട്ടില്ല . 19.8.2015 ന് 10,000/ രൂപയും , 10.02.2016 ന് 20,000/ രൂപയും , 11.02.2016 ന് 55,000/ രൂപയും പ്രിയദർശിനി കൺസ്യൂമർഫെഡ് മാനേജർ പഞ്ചായത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . വാടക നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

4)മത്സ്യ- മാംസ മാർക്കറ്റിലെ 2,3,4,7,9,11 എന്നീ സ്റ്റാളുകൾ 15.11.14 ന് ലേലം കൊണ്ടവർ വാടക നൽകാത്തതിനെ തുടർന്ന് 2015 ജൂണിൽ സ്റ്റാളുകൾ ഒഴിപ്പിക്കുകയും വാടക ഈടാക്കുന്നതിനായി കൽപ്പറ്റ ജെ .എഫ് . സി .എം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട് . കേസ് തീർപ്പായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

5)വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു .

| വർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| 2009-10 | 23384 | - | 23384 |
| 2010-11 | 2318 | - | 2318 |
| 2011-12 | 24336 | 20894 | 3446 |
| 2012-13 | 4448 | 2012 | 2436 |
| 2013-14 | 396239 | 396239 | - |
| 2014-15 | 1787812 | 922512 | 865300 |
| | | ആകെ | 8,96,884 രൂപ |

2015-16 വർഷത്തെ ഡിമാന്റ് 3745810 രൂപയും , കളക്ഷൻ 2921109 രൂപയും ബാലൻസ് 689799 രൂപയുമാണ്. കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 2-3 തൊഴിൽ നികുതി

പഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കി സൂക്ഷിച്ച ഫോറം V രജിസ്റ്റർ തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 1996ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ഭേദഗതി ഉത്തരവ് ജി ഒ.(പി) 143/08/ ത. സ്വ. ഭ. വ തീയ്യതി 27.5.08 എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1)2015-16 വർഷത്തിൽ കെട്ടിട നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്നനിലയിൽ നികുതി നിർണ്ണയിച്ച 55 ൽ അധികം കെട്ടിടങ്ങളുണ്ട് . മേല്പറഞ്ഞവയിൽ നിന്നും തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനായി 94-ലെ കേ.പ.രാജ് ആക്ട് സെക്ഷൻ 205(ബി) പ്രകാരം, അത്തരം കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് പഞ്ചായത്ത് നോട്ടീസ് അയച്ചിട്ടില്ല

2). സ്ഥാപന രജിസ്റ്റർ യഥാവിധി സൂക്ഷിക്കുന്നില്ല.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 535 സ്ഥാപനങ്ങളുള്ള പഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ 346 സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ മാത്രമേ ചേർത്തിട്ടുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഇ, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ

മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 205 ഡി പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശ്ശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ്(3) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ പ്രസ്തുത രീതിയിലുള്ള രജിസ്റ്റർ എഴുതി സൂക്ഷിച്ചില്ല.

3). റിട്ടേണുകൾ സമർപ്പിക്കുന്നില്ല

1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരമുള്ള ഫോറം VI പ്രകാരമുള്ള നോട്ടീസ് വ്യാപാരസ്ഥാപനങ്ങൾക്ക് നൽകുകയോ വ്യാപാരസ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ചട്ടം 16 (2) പ്രകാരം തൊഴിലുടമ/ഓഫീസ് തലവൻ ഫോറം II ലാണ് റിട്ടേൺ സമർപ്പിക്കേണ്ടത്. ഇതേചട്ടങ്ങളിലെ ചട്ടം 16 (4) പ്രകാരം തൊഴിലുടമ ഫോറം IIൽ റിട്ടേൺ നല്കിയാൽ മാത്രമേ സെക്രട്ടറി തൊഴിൽ നികുതി നിർണയം ആരംഭിക്കേണ്ടതുള്ളൂ. എന്നാൽ പല സ്ഥാപനങ്ങളും ഫോറം II ൽ റിട്ടേൺ നല്കിയിട്ടില്ല. ഫോറം IIൽ ഉൾപ്പെട്ടിട്ടുള്ള പല വിവരങ്ങളും ഉൾപ്പെടുത്താനിടമില്ലാത്ത ഫോറത്തിലാണ് മിക്ക സ്ഥാപനങ്ങളും റിട്ടേൺ നല്കിയിരിക്കുന്നത്. റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ചുമത്തിയിരിക്കുന്നത്. ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടെന്നോ എന്നൊന്നും വ്യക്തമല്ല. ഒന്നിലധികം പേർ ജോലി ചെയ്യുന്ന മിക്ക വ്യാപാരസ്ഥാപനത്തിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം ധാരാളം വലിയ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല.

## 2-4 ഡി & ഒ ലൈസൻസ് - അപാകതകൾ

1) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232,233 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.എന്നാൽ കെ .പി സോ മിൽ ആന്റ് വുഡ്

ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് 2015-16 ലേക്ക് നൽകിയ എ3-120/143/15-16 /25.03.2015 ലൈസൻസ് പ്രകാരം ലൈസൻസിന്റെ കാലാവധി 30.06.2015 വരെ ആണ്. ഇതേ സ്ഥാപനത്തിന് 2016-17 വർഷത്തേക്ക് നൽകിയ ലൈസൻസിന്റെ കാലാവധി 1.4.2016 മുതൽ 31.03.2017 വരെയാണ് . 01.07.2015 മുതൽ 31.03.2016 വരെ പ്രവർത്തിച്ചത് ലൈസൻസ് ഇല്ലാതെയാണ് . കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 255 പ്രകാരം ചട്ട ലംഘനങ്ങൾക്ക് "ആയിരം" രൂപയോളം വരുന്ന പിഴയോ, തുടർന്ന് കൊണ്ടിരിക്കുന്ന ലംഘനങ്ങളുടെ കാര്യത്തിൽ ആദ്യ ലംഘനത്തിന് ശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും 50/- രൂപയിൽ കവിയാത്ത പിഴ ചുമത്തി ശിക്ഷിക്കാവുന്നതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങൾ ചട്ടം26 കാണുക.] .

ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

2)ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ - ചട്ടപ്രകാരം രജിസ്ട്രേഷൻ പുതുക്കുന്നില്ല.

പഞ്ചായത്തിലെ ഡി & ഒ രജിസ്റ്റർ പ്രകാരം 2015-16 ൽ താഴെകൊടുക്കുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ട് . 1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അതിർത്തക്കുള്ളിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപനം പ്രവർത്തനം തുടങ്ങുന്നതിനു 15 ദിവസത്തിൽ കുറയാത്ത കാലയളവിനുള്ളിൽ രജിസ്ട്രേഷൻ നടത്തേണ്ടതും (ഫോറം.1ൽ 200 രൂപ ഫീസ് സഹിതം), ഒരു സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി തങ്ങളുടെ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ഗ്രാമപഞ്ചായത്തിൽ നിന്നും പുതുക്കേണ്ടതാണ്. (ഫോറം.5ൽ 50 രൂപ ഫീസ് സഹിതം) എന്നാൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ഓഡിറ്റ് വർഷങ്ങളിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| പേജ് നം./ക്രമ നം. | കെട്ടിട/ വാർഡ്. നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനതരം |
|---|---|---|---|
| 4/14 | | പാത്തുമ്മ എ.എം | ക്ലിനിക്കൽ ലാബ് |

| | | | |
|---|---|---|---|
| 22/117 | MP.VI / 256 | പി.ജി വനജ | അലോപ്പതി മെഡിക്കൽ ഷോപ്പ് |
| 30/160 | MGP.X/252 | മണികണ്ഠൻ | അലോപ്പതി മെഡിക്കൽ ഷോപ്പ് |
| 37/195 | V/538 | അംബികാ മേനോൻ | അലോപ്പതി മെഡിക്കൽ ഷോപ്പ് |
| 39/204 | VII/203 | കെ.അസീസ് | അലോപ്പതി മെഡിക്കൽ ഷോപ്പ് |
| 41/211 | VII/536 | ഷബിൽ ഇബ്രാഹിം | ആയുർവേദ ക്ലിനിക്ക് |
| 53/286 | XXI/536 | ഡോ.രോഹിത് ഭഗീരഥൻ | ആയുർവേദ ക്ലിനിക്ക് |
| 61/292 | VI/421 | പി . സൂപ്പി | അലോപ്പതി മെഡിക്കൽ ഷോപ്പ് |
| 99/464 | | അഞ്ജും സെയ്ത് | ലിപു ക്ലിനിക്ക് |

മേൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും , മേൽ സൂചിപ്പിച്ച അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്.

3) ജി.ഒ(ആർ ടി) 795/2007/ത.സ്വ.ഭ.വ തീയതി 16.03.2007 പ്രകാരം 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള

മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പാലിക്കുമെന്ന് അണ്ടർടേക്കിംഗ് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡി &ഒ ലൈസൻസ് അനുവദിക്കാവൂ. എന്നാൽ പ്രസ്തുത അണ്ടർടേക്കിംഗ് കൂടാതെ തന്നെ 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഇടപാടുകാർക്ക് നൽകുവാൻ സാധ്യതയുള്ള കച്ചവടസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

4) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുമ്പായും പുതിയതായി തുടങ്ങുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുമ്പായും സമർപ്പിക്കേണ്ടതാണ്. ഇത് പ്രകാരം 2015-16 വർഷത്തേക്ക് ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ 2014 ജനുവരി ഒന്നാം തിയ്യതിക്കകം സമർപ്പിക്കേണ്ടതായിരുന്നു. 2015-16 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് പുതുക്കുന്നതിന് ആകെ ലഭിച്ച 535 അപേക്ഷകളിൽ 175 എണ്ണം മാത്രമാണ് നിശ്ചിത സമയക്രമം പാലിച്ചിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 255 പ്രകാരം ചട്ട ലംഘനങ്ങൾക്ക് "ആയിരം" രൂപയോളം വരുന്ന പിഴയോ, തുടർന്ന് കൊണ്ടിരിക്കുന്ന ലംഘനങ്ങളുടെ കാര്യത്തിൽ ആദ്യ ലംഘനത്തിന് ശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും 50/- രൂപയിൽ കവിയാത്ത പിഴ ചുമത്തി ശിക്ഷിക്കാവുന്നതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങൾ ചട്ടം 26 കാണുക.]

## 2-5 കെട്ടിട നിർമ്മാണ അനുമതി -ചട്ടങ്ങൾ പാലിക്കുന്നില്ല

കെട്ടിട നിർമ്മാണ ലൈസൻസ് സംബന്ധിച്ച രജിസ്ററർ,അനുബന്ധ ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 13,14പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം സൈറ്റ് പ്ലാൻ അംഗീകാരവും തുടർന്ന് പെർമിറ്റും നൽകണം.എന്നാൽ ഇത് പാലക്കപ്പെടുന്നില്ല.

2)ബിൽഡിംഗ് പെർമിറ്റ് ആപ്ലിക്കേഷൻ രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല.

അപേക്ഷകൾ ലഭിക്കുന്ന ക്രമത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്താതെ പെർമിറ്റ് നൽകുന്ന ക്രമത്തിലാണ് രജിസ്റ്ററിൽ ചേർക്കുന്നത്.പണി പൂർത്തീകരിച്ച കെട്ടിടങ്ങളുടെ അസസ്സ്മെന്റ് നമ്പർ ,പെർമിറ്റ് ഫീ ഈടാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല .

3)കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, പട്ടിക 1 പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷാ ഫീസ് 20 രൂപയാണ് . എന്നാൽ 2015-16 കാലയളവിൽ 30 രൂപ നിരക്കിൽ അപേക്ഷാ ഫീസ് ഈടാക്കിയിട്ടുണ്ട്.

4) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) പ്രകാരം സൈറ്റുകളുടെയും പ്ലാനുകളുടെയും അംഗീകാരം അപേക്ഷകനെ രേഖാമൂലം അറിയിക്കുകയും II -ാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ളതിൻ പ്രകാരം പെർമിറ്റ് ഫീ ഒടുക്കുമ്പോൾ അനുബന്ധം C- യിലുള്ളതു പോലെ പെർമിറ്റ് നൽകേണ്ടതുമാണ്. എന്നാൽ അപേക്ഷകരിൽ നിന്നും പെർമിറ്റ് ഫീ ഈടാക്കാതെ പെർമിറ്റ് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു .

| ക്രമ നം | സർവേ നം. | പേര് | പെർമിറ്റ് നം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 204/22 | രമണി | C4- 6-5/15 | 43.8m2 |
| 2 | 205/9/10 | കുഞ്ഞിമുഹമ്മദ് | C4- 10-5/15 | 145.77 m2 |
| 3 | 37/13 | സുഹാദ | C4- 13-5/15 | 74.19 m2 |
| 4 | 289/3/2 | സാദിഖ് ഹുസൈൻ | C4- 14-5/15 | 89.10 m2 |
| 5 | 338/8 | സുശീല | C4- 15-5/15 | 115.95m2 |
| 6 | 210/2 | ഷെഷാദ് | C4- 16- | 103m2 |
| 7 | 302/15 | അബ്ദുൾ മനാഫ് | C4- 17 | 127.76m2 |
| 8 | 432 | ഒ .രാധ | C4- 19 | 177.24m2 |

5) <u>റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കാത്തത് സംബന്ധിച്ച്..</u>

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 137(3) പ്രകാരം പെർമിറ്റില്ലാത്ത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -J മാതൃകയിലുള്ള ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ് . പഞ്ചായത്തിൽ ക്രമവൽക്കരണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

## 2-6 നികുതി/നികുതിയേതര രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകൾ

പഞ്ചായത്തിന്റെ 2015-16-ലെ നികുതി – നികുതിയേതര രജിസ്റ്ററുകൾ പൂർത്തിയാക്കാത്തതിനാൽ വാർഷിക കണക്കുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല. . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1)വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ , റഗുലറൈസേഷൻ രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

2)കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ , ഡി & ഒ ലൈസൻസ് രജിസ്റ്റർ , തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല .

നികുതി – നികുതിയേതര വരവ് രജിസ്റ്ററുകൾ തയ്യാറാക്കി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മീഡിയാശ്രീ പദ്ധതിയ്ക്ക് തുകനൽകി - ഡോക്യുമെന്ററി ചിത്രം ലഭ്യമല്ല.

പ്രോജക്ട് നമ്പർ - 266/16

അടങ്കൽ - 65,000/ തനത് ഫണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും, പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുക എന്നതാണ് മീഡിയാശ്രീ പദ്ധതിയുടെ ലക്ഷ്യം. കുടുംബശ്രീ സംസ്ഥാന മിഷൻ നടത്തുന്ന മീഡിയാശ്രീ പദ്ധതിയുടെ നിർവ്വഹണ ഏജൻസി സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനമാണ്.

കരാർപ്രകാരം, സ്ഥാപനത്തെകുറിച്ചുള്ള ഡോക്യുമെന്ററി ചിത്രത്തിന്റെ തിരക്കഥ സെക്രട്ടറി അംഗീകരിച്ച്നല്കിയിട്ടുണ്ടെങ്കിലും, ഡോക്യുമെന്ററി ചിത്രത്തിന്റ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/18-10-2016)ലഭിച്ച മറുപടി "ഡോക്യുമെന്ററി ചിത്രം ലഭ്യമാകുന്ന

മുറയ്ക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണ്"ഡോക്യുമെന്ററി ചിത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തേസ്സപ്പെടുത്തുന്നു.

## 3-2 എസ് റ്റി യുവതി യുവാക്കൾക്ക് ഓട്ടോറിക്ഷാ ധനസഹായം -അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. - 275/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി.

അടങ്കൽ - 10,00,000/-രൂപ ടി എസ് പി

ഗുണഭോക്താക്കളുടെ എണ്ണം - 20

സബ്സീഡി കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം - 9

ചെലവ് - 4,50,000/- രൂപ

ബിൽ നമ്പർ - 3/23-3-2016 3,50,000/- രൂപ

ബിൽ നമ്പർ - 9/30-3-2016 50,000/രൂപ

ബിൽ നമ്പർ - 10/31-3-2016 50,000/-രൂപ

---------------

ആകെ 4,50,000/-രൂപ

വായ്പാബന്ധിത പ്രോജക്റ്റ്ആയി സബ്സീഡി തുക ബാങ്കുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ,സ്വയം സംരംഭകത്തിലോ പേര് രജീസ്റ്റർ ചെയ്തവരായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലുംആയതിന്റെ രേഖകൾ ഫയലിലില്ല. ഓട്ടോറിക്ഷ വാങ്ങിയതിന്റെ തെളിവായി ആർ സി ബുക്കിന്റെ കോപ്പിഫയലിനോടൊപ്പമില്ലാത്തതിനാൽ ഗുണഭോക്താക്കളുടെ പേരിൽ തന്നെയാണോ ഓട്ടോറിക്ഷ വാങ്ങിയത് എന്നത് വ്യക്തമല്ല.

ഓട്ടോറിക്ഷ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് | കൈപ്പറ്റിയതുക | വാർഡ് നമ്പർ |
|---|---|---|---|
| 1 | സുധീഷ് കെ എസ് | 50,000/- | 1 |
| 2 | ഗോകുൽ ദാസ് പി ജി | 50,000/- | V11 |

| | | | |
|---|---|---|---|
| 3 | ബിന്ദു സി മക്കത്ത് | 50,000/- | 11 |
| 4 | ജയൻ പി പി വാഴക്കണ്ടി | 50,000/- | 111 |
| 5 | ഗിരീഷ് പി കെ വേങ്ങച്ചോല | 50,000/- | 1 |
| | ആകെ | 25,00,00/- | |

വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6-18-10-2016) ലഭിച്ച മറുപടി -"അവശേഷിക്കുന്ന അഞ്ച് പേരുടെ ആർ സി ബുക്കുകളുടെ കോപ്പി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്." കോപ്പി ലഭ്യമാക്കി ഖണ്ഡികയിലെ പരാമർശ്ശം ഒഴിവാക്കേണ്ടതാണ്.

## 3-3 <u>എസ് സി വനിതകൾക്ക് വീട്ടും, സ്ഥലവും ആധാരത്തിന്റെ കോപ്പി ലഭ്യമാക്കൽ.</u>

പ്രോജക്റ്റ് നം. - 271/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി.

അടങ്കൽ - 35,00,000/- രൂപ ടി എസ് സി പി

ഭൂമി വാങ്ങൽ 10 ഗുണഭോക്താക്കൽക്ക് 15,00,000/- രൂപ
(1,50,000/- രൂപാ നിരക്കിൽ

ഭവനനിർമ്മാണം 10 ഗുണഭോക്താക്കൽക്ക് 20,00,000/-രൂപ
(2,00,000/-രൂപാ നിരക്കിൽ)

---------------------

ആകെ 35,00,000/- രൂപ

ചെലവ് - 16,50,000/-രൂപ

ബിൽ നമ്പർ 5/23-3-2016 - 1,50,000/-രൂപ

ബിൽ നമ്പർ 7/23-3-2016 - 1,50,000/-രൂപ

ബിൽ നമ്പർ 8/30-3-2016 - 9,00,000/-രൂപ

ബിൽ നമ്പർ 12/31-3-2016 - 4,50,000/- രൂപ

---------------

ആകെ - 16,50,000/-രൂപ

സബ്സീഡി കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | തുക | വാർഡ് നമ്പർ | അഭിപ്രായം |
|---|---|---|---|---|
| 1 | സരോജിനി എരുമ തെരുവ് | 1,50,000- | Xv | - |
| 2 | ഗുരുവമ്മാൾ | 1,50,000- | 1v | രജിസ്റ്റർചെയ്തആധാരത്തിന്റെ കോപ്പി യില്ല |
| 3 | സുചിത്ര | 1,50,000- | xv1 | - |
| 4 | രേഷ്മ | 1,50,000- | v1 | - |
| 5 | സരോജിനി ഇല്ലത്തുകുടി | 1,50,000- | 1 | - |
| 6 | ഷമീന | 1,50,000- | x111 | രജിസ്റ്റർചെയ്തആധാരത്തിന്റെ കോപ്പി യില്ല |
| 7 | ദീപാകുമാരി | 1,50,000- | xv11 | - |
| 8 | യശോദ | 1,50,000- | | - |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ 12/31-3-2016 പ്രകാരം പിൻവലിച്ച - 4,50,000/ രൂപയിൽ 1,50,000/രൂപ ഭൂമി വാങ്ങിയ ഗുണഭോക്താക്കൾക്ക് വീടിന്റെ ആദ്യഗഡു നൽകുന്നതിനുള്ള തുകയാണ്.പ്രസ്തുത തുകയിൽ നിന്നും,സുചിത്രമോഹൻ എന്ന

ഗുണഭോക്താവിന് മാത്രമാണ് ആദ്യഗഡുവായി 20,000/ രൂപ നൽകിയിട്ടുള്ളത്(ഡിഡി നം.107434/2-5-16)അവശേഷിക്കുന്ന1,30,000/രൂപ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. (അക്കൗണ്ട് നം. 3527075433-സെൻട്രൽ ബാങ്ക് മേപ്പാടി) പരാമർശ്ശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 7/19-10-2016) ലഭിച്ച മറുപടി "ഭവന നിർമാണത്തിനായി 2016-17 സ്പിൽ ഓവർ പ്രോജക്ടായി 18,50,000/രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്."

മുൻകൂറായി തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ജീ. ഓ പി 177/2006 തിയ്യതി 12-4-2006ന്റെ ലംഘനമാണ്. 1,30,000/രൂപ പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണ്. ക്രമ നം.2,6, പ്രകാരമുള്ള ഗുണഭോക്താക്കളിൽ നിന്നുംരജിസ്റ്റർചെയ്തആധാരത്തിന്റെ കോപ്പി ലഭ്യമാക്കി പരാമർശ്ശം ഒഴിവാക്കേണ്ടതാണ്.

## 3-4 <u>പെയിൻ& പാലീയേറ്റീവ് പരിചരണം-പദ്ധതി നടത്തിപ്പ് - ഏകോപനമില്ല.</u>

മെഡിക്കൽ ഓഫീസർ (കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മേപ്പാടി )നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

എ) ജ്യോതി പെയിൻ & പാലീയേറ്റീവ് ഹോംകെയറിലേയ്ക്ക് മരുന്നുവാങ്ങൽ

പ്രോജക്റ്റ് നമ്പർ - 15/16

അടങ്കൽ - 2,00,000/-രൂപ പ്ലാൻ ഫണ്ട് ജനറൽ

ചെലവ് - 2,00,000/-രൂപ (150000/-രൂപ മരുന്നുവാങ്ങൽ- 50,000/-രൂപ ഫർണീച്ചർ വാങ്ങൽ)

ബി) മേപ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ-സി എച്ച് സി യിലെ പെയിൻ& പാലീയേറ്റീവ് പരിചരണം.

പ്രോജക്റ്റ് നമ്പർ - 13/16

അടങ്കൽ – 3,40,000/- രൂപ പ്ലാൻ ഫണ്ട് ജനറൽ

ചെലവ് - 3,40,000/- രൂപ (ഹോണറേറിയം, നൽകൽ, വാഹനവാടക ഭക്ഷണ ചെലവ് എന്നീയിനങ്ങളിലെ ചെലവ്) നിലവിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ സി. എച്ച്. സിയിൽ പെയിൻ & പാലീയേറ്റീവ് പരിചരണത്തിനായി 300 ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾക്ക് സി. എച്ച്.

സിയിൽനിന്നുള്ള പരിചരണവും, ജ്യോതി പെയിൻ & പാലീയേറ്റീവിന്റെ പരിചരണവും ലഭിക്കുന്നുണ്ട്. ഒരേ ഗുണഭോക്താക്കൾക്ക് വ്യത്യസ്ഥ മാർഗ്ഗങ്ങളിലൂടെ മരുന്നുകൾക്കും അവശ്യ സേവനങ്ങൾക്കുമായി പഞ്ചായത്ത് പണം ചെലവഴിക്കുന്നത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച പരാമർശം 2014-2015 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 ൽ പ്രതിപാദിച്ചിട്ടുണ്ട്. തുടർവർഷവും ആവർത്തിച്ചതിന് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-5 മറ്റ്സ്ഥാപനങ്ങലളിലേയ്ക്ക് ഗ്രാമപഞ്ചായത്ത് പിഹിതം ഒടുക്ക് -പുരേഗതി വിവരം ,സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2015-16 സാമ്പത്തികവർഷം സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്റ്റ് പരിശോധിച്ചതിൽ ചുവടെ പറയും വിധം മറ്റ് സ്ഥാപനങ്ങലളിലേയ്ക്ക് ഗ്രാമപഞ്ചായത്ത് പിഹിതം ഒടുക്കിയിട്ടുണ്ട് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | ഇനം | വകയിരുത്തിയ തുക | ചെലവ് തുക | ഫണ്ടിനം | ബിൽ നം. | അഭിപ്രായം |
|---|---|---|---|---|---|---|---|
| 1 | 14/160 | ഐ കെ എം | 50,000 | 50,000 | പ്ലാൻ ജനറൽ | 26/30-3-16 | എക്സി. ഡയറക്ടർ ഐ കെ എം |
| 2 | 7/16 | ഐ എ വൈ വിഹിതം | 10,00,000 | 10,00,000 | പ്ലാൻ ജനറൽ | 4/13-8-16 | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3 | 8/16 | സാമൂഹ്യ സുരക്ഷ മിഷൻ | 2,00,000 | 2,00,000 | പ്ലാൻ ജനറൽ | 5/13-8-16 | കേരള സാമൂഹ്യ സുരക്ഷ മിഷൻഎക്സി. ഡയറക്ടർ |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 12/16 | എസ് എസ് എ വിഹിതം | 17,22,951 | 17,22,951 | പ്ലാൻ ജനറൽ | 13/17-9-16 | എസ് എസ് എ പ്രോജക്ട് ഓഫീസർ |
| 5 | 277/16 | ഐ എ വൈ വിഹിതം | 17,00,000 | 17,00,000 | പ്ലാൻ ടി എസ് പ് | 3/20-8-16 | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ആകെ 46,72,951- | | | | | | | |

സാക്ഷ്യപത്രം പുരോഗതി റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 3-6 സംയുക്ത പ്രോജക്ട്- മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

എസ് സി വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം എന്ന പ്രോജക്ടിലേക്ക് (പ്രോജക്ട് നം.35/115-16) ഡിമാന്റ് ഡ്രാഫ്റ്റ് നം, 396981/29-3-2016 പ്രകാരം 2,32,680/ രൂപ ജില്ലാ പഞ്ചായത്ത് വിഹിതമായി സെക്രട്ടറി കൈപ്പറ്റിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് സംയുക്ത പ്രോജക്ടായിട്ടല്ല തയ്യാറാക്കിയിട്ടുള്ളത് .സംയുക്ത പ്രേജക്ടുകൾക്കുള്ള മാർഗ്ഗരേഖ (ജി.ഓ (ആർ.ടി) നം.192/2010/ത .സ്വ .ഭ.വ 19.02.2010) അനുസരിച്ച് സംയുക്ത പ്രേജക്ടായി ആവിഷ്കരിക്കാത്ത പ്രേജക്ടുകളുടെ വിഹിതം തദ്ദേസഭരണ സ്ഥാപനങ്ങൾ സ്വീകരിക്കാൻ പാടുള്ളതല്ല.

ലഭ്യമായ തുകയിൽ നിന്നും, ചെക്ക് നം. 13299/ 18-5-2016 പ്രകാരം 1,16,123/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർക്ക് കൈമാറുകയും,ചെലവഴിക്കുകയും,ചെയ്തിട്ടുണ്ട്.ബാക്കി തുക 1,16,557/-രൂപ ജില്ലാ പഞ്ചായത്തിന് തിരിച്ചു നൽകി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-7 മുട്ടക്കോഴി വളർത്തൽ പ്രോത്സാഹനം-49725 രൂപ അധികം നൽകി.

പ്രോജക്ട് നം. - S-22/16

പ്രോജക്ടിന്റെ പേര് - കോഴി വളർത്തൽ പ്രോത്സാഹനം

അടങ്കൽ - 458400

ഫണ്ട് ഇനം - വികസന ഫണ്ട് (ജനറൽ)

ചെലവ് - 256466

ഗുണഭോക്തൃ വിഹിതം - 137700

ബിൽ നം. - 3/15-16/30.3.16-162261/-

ബിൽ നം. - 7/15-16/31.3.16-23943/-

ബിൽ നം. - 8/15-16/31.3.16-35396/-

ബിൽ നം. - 9/15-16/31.3.16-21121/-

ബിൽ നം. - 10/15-16/31.3.16-13745/-

കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് മുട്ടക്കോഴി കുഞ്ഞുങ്ങളെ അംഗീകൃത സ്ഥാപനത്തിൽ നിന്നും വാങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.ഇതിനായി പുലരി എഗ്ഗർ നേഴ്സറിയിൽ നിന്നും 3825 എണ്ണം കോഴിക്കുഞ്ഞുങ്ങളെ 765 ഗുണഭോക്താക്കൾക്ക് 5 വീതം കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്തു.

ഓഡിറ്റ് നിരീക്ഷണങ്ങൾ

സർക്കാർ ഫാമുകളിൽ കോഴികളെ ലഭ്യമല്ലായെന്ന് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. കോഴികളെ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല.വാറ്റ് ഉൾപ്പെടെ ഒരു കോഴിക്ക് 103 രൂപ വിലയാണ് കണക്കാക്കിയത്.മൃഗസംരക്ഷണനകുപ്പ് ഡയറക്ടറുടെ 3.5.14 ലെ H1-12896/2014/ Farms ഉത്തരവ് പ്രകാരം തൻവർഷം സർക്കാർ അംഗീകരിച്ച നിരക്ക് ഒരു കോഴിക്ക് 90 രൂപയാണ്.അങ്ങനെയെങ്കിൽ 3825 കോഴികൾക്ക് 344250 രൂപയാണ് വേണ്ടി വരിക.എന്നാൽ ഒരു കോഴിക്ക് 103 രൂപ വില കണക്കാക്കിയതിനാൽ 393975 രൂപ സ്ഥാപനത്തിന് നൽകി. 49725 രൂപ അധികനിരക്ക് നൽകിയത് അംഗീകരിക്കാനാവില്ല.പുലരി എഗ്ഗർ നേഴ്സറിയുടെ ബില്ല് ഫയലിനൊപ്പമില്ല.49917 രൂപ വാറ്റ് ചെലാൻ നം.454/3.6.16 പ്രകാരം ബത്തേരി സബ് ട്രഷറിയിൽ അടച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് മെമ്പർമാരുടെ പേരിലാണ്. കോഴികളെ വിതരണം ചെയ്തതിന്റെ വിവരം ഇല്ല.

കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയ ഇനത്തിൽ അധികം നൽകിയ തുക 49725/- ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-8 വനിതാ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി- അധികം നൽകിയ തുക നിരാകരിക്കുന്നു.

പ്രോജക്റ്റ് നം. - S-23/16

പ്രോജക്ടിന്റെ പേര് - വനിത ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി

അടങ്കൽ - 500000

ഫണ്ട് ഇനം - വികസന ഫണ്ട് (ജനറൽ)

ചെലവ് - 500000

ബിൽ നം. - 1/15-16/30.3.16-500000/-

ക്ഷീര ഉൽപ്പാദനം മുഖ്യ ഉപജീവനമാക്കിയ വനിതാ ക്ഷീര ക്രർഷകർക്ക് അവർ സഹ.സംഘത്തിൽ നൽകുന്ന പാലിന്റെ അളവിന് കണക്കാക്കി കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.ഇതിനായി കേരള ഫീഡ്സിൽ നിന്നും 520 ബാഗ് കാലിത്തീറ്റ വാങ്ങി.കുന്നമ്പറ്റ ക്ഷീരോൽപ്പാദക സഹ.സംഘം വഴി ഗുണഭോക്താക്കൾ അളന്ന പാലിന്റെ അളവിന് ആനുപാതികമായി കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണങ്ങൾ.

ജി.ഒ(എം.എസ്).362/2013/ത.സ്വ.ഭ.വ തീയ്യതി 16.11.2013 മാർഗ്ഗരേഖ പ്രകാരം ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ കണക്കാക്കി അത്രയും തുകയ്ക്കുള്ള കാലിത്തീറ്റ സബ്സിഡിയായി നൽകാവുന്നതാണ്.ശ്രീ.വിൻഷ,(പ്രോഡ്യൂസർ കോഡ്-EZH-94) എന്നിവർ 1086.1 ലിറ്റർ പാൽ അളന്നതിന് അനുവദനീയമായ കാലിത്തീറ്റയുടെ അളവ് 169 കി.ഗ്രാം മാത്രമാണ്.എന്നാൽ ടിയാൾക്ക് 460 കി.ഗ്രാം അനുവദിച്ചു.അധികമായി 291 കി.ഗ്രാം കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വില 5587/- രൂപ (കാലിത്തീറ്റ വില-19.2 രൂപ/കി.ഗ്രാം) അനുവദിച്ചത് അംഗീകരിക്കാനാവില്ല.

കുന്നമ്പറ്റ ക്ഷീരോൽപ്പാദക സഹ.സംഘം കാലിത്തീറ്റ വിതരണം ചെയ്തതിന് കമ്മീഷൻ ഇനത്തിൽ 15600 രൂപ ഡി.ഡി.നം.41588/20.5.16 പ്രകാരം മേൽ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.ഇത് അംഗീകരിക്കാനാവില്ല.

പാൽ വിതരണം നടത്തിയതിന് അധിക സബ്സിഡി ഇനത്തിൽ അനുവദിച്ച 5587 രൂപയും കമ്മീഷൻ ഇനത്തിൽ കുന്നമ്പറ്റ ക്ഷീരോൽപ്പാദക സഹ.സംഘത്തിന് നൽകിയ 15600 രൂപ സഹിതം ആകെ 21187 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-9 പച്ചക്കറി കൃഷി പ്രോത്സാഹനം-തൈ വിതരണം വിവരം ഇല്ല;ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പച്ചക്കറി കൃഷി പ്രോത്സാഹനം -തൈ വിതരണം വിവരം ഇല്ല;ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - S-40/16

പ്രോജക്ടിന്റെ പേര് - പച്ചക്കറി കൃഷി പ്രോത്സാഹനം

അടങ്കൽ - 171414

ഫണ്ട് ഇനം - വികസന ഫണ്ട് (ജനറൽ)+ഗുണഭോക്തൃ വിഹിതം

ചെലവ് - 138030

ബിൽ നം. - 3/15-16/29.1.16-138030/-

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലെയും വെജിറ്റബിൾ ഗ്രൂപ്പിന് പാവൽ, പടവലം, വഴുതിന, മുളക്, കാബേജ്, കോളിഫ്ലവർ, തക്കാളി എന്നിവയുടെ തൈകൾ, കുമ്മായം എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. വിത്തുകൾ പനമരം KADS ൽ നിന്നും കുമ്മായം റെയ്ഡ്കോയിൽ നിന്നും വാങ്ങി.എന്നാൽ ഇവ വിതരണം ചെയ്തതിന്റെ വിവരവും വാങ്ങിയതിന്റെ വിവരവും പൊരുത്തപ്പെടുന്നില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-10 എരുമക്കൊല്ലി കുടിവെള്ള പദ്ധതി-പൂർത്തികരിക്കാത്തത് സംബന്ധിച്ച്:-

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസി എഞ്ചിനിയർ.

| | |
|---|---|
| പ്രോജക്റ്റ് നം. | 142/16 |
| പ്രവൃത്തിയുടെ പേര് | എരുമക്കൊല്ലി എസ് സി കോളനി കുടിവെള്ള പദ്ധതി |

| | |
|---|---|
| വകയിരുത്തിയ തുക | 4,02,000/രൂപ |
| ഫണ്ട് | പ്ലാൻഫണ്ട്2,00,000+മെയ്ന്റനൻസ്ഗ്രാന്റ്2,00,000 |
| ചെലവ് | 3,81,484/രൂപ |
| ബിൽ നമ്പർ | 190/31-3-16 തുക 2,93,046<br><br>195/31-3-16 തുക 88,442 |
| കൺവീനർ | കൃഷ്ണൻ -എരുമക്കൊല്ലി |
| എഗ്രിമെന്റ് നം | 138/16-2-16 |
| വാർഡ് നം. | XV1 |
| എം ബുക്ക് നം | 165/15-16 |

പ്രവൃത്തി പൂർത്തികരണത്തിനായി 2014-15 സാമ്പത്തിക വർഷം ഏഴ് ലക്ഷം രൂപ വകയിരുത്തികിണർ, പമ്പിംഗ് മെൻ,വാട്ടർ ടാങ്ക് എന്നിവ സ്ഥാപിച്ചു . എന്നാൽ വകയിരുത്തിയ തുക പ്രവൃത്തി പൂർത്തികരിക്കാൻ കഴിയാത്തതിനാൽ വൈദ്യുതികരണം, പമ്പ്ഹൗസ് സപ്ലേലൈൻ , മോട്ടോർടപ്പകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി 2015-16 ൽ 4.02,000/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തി.

ഫയൽ പരിശോദിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിയ്ക്കായി കെ എസ് സി ബി യിൽ 88,442/- രൂപ ഒടുക്കിയിട്ടുണ്ട് . ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല.

2014-15 സാമ്പത്തിക വർഷം ഏഴ് ലക്ഷം രൂപ വകയിരുത്തി നടപ്പിലായി ഫയൽ 2015-16സാമ്പത്തിക വർഷം നടപ്പിലാക്കിയ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിസംബന്ധിച്ച നോട്ട്ഫയൽ സൂക്ഷിക്കുന്നില്ല.ഗുണഭോക്തൃ സമിതി വരവ് ചെലവ് കണക്കുകൾ ഭാഗീകമായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

ബഹുവർഷ പ്രോജക്ടായല്ല പ്രവൃത്തി നടപ്പിലാക്കിയത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സബസിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ ജി ഒ (എം എസ് ) 395/2013 തസ്വഭവ തിയതി 30-12-2013 പ്രകാരം നിർമ്മാണ പ്രവൃത്തി പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകാണുന്നില്ല. കുടിവെള്ളപ്രോജക്ട് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതും, തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി തയ്യാറാക്കേണ്ടതുമാണ്. ഭാഗീകമായി പ്രോജക്ട് തയ്യാറാക്കാൻ പാടില്ല.

പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് (നം. 9-10-16) മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക 4.02,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 റോഡ് കോൺക്രീറ്റ് പ്രവൃത്തി- കുറവ് സിമന്റ് ഉപയോഗിച്ചു.

ഗ്രാമപഞ്ചായത്ത്2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ ചുവടെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തിയ്ക്ക് ആനുപാതികമായി സിമന്റ് ഉപയോഗിച്ചിട്ടില്ല.

എ)

| | |
|---|---|
| പ്രോജക്റ്റ് നം. | 71/16 |
| പ്രവൃത്തിയുടെ പേര് | ഫോർമണ്ണൻ വില്ലേജ് ഓഫീസ് റോഡ് കോൺക്രീറ്റ്. |
| വകയിരുത്തിയ തുക | 4,90,000/രൂപ |
| ഫണ്ട് | ലോക ബാങ്ക് -3,00,000+മെ.ഗ്രാന്റ് 1,90,000. |
| ചെലവ് | 4,90,000/രൂപ |
| സാങ്കേതിക അനുമതി | 259/15-16തിയ്യതി 10-7-15 |
| ബിൽ നമ്പർ | 12/26-9-15 തുക1,90,000-<br>11/ 26-9-15 തുക 3,00,000- |
| കൺവീനർ | ശങ്കരൻ തച്ചങ്കോട് |
| എഗ്രിമെന്റ് നം | 3/10-8-15 |
| വാർഡ് നം. | X |
| എം ബുക്ക് നം | 142/15-16 |

അളവ് പുസ്തകപ്രകാരം ചെയ്ത വൃത്തിയ്ക്ക് ആവശ്യമായ സിമന്റിന്റെ അളവും, ഗുണഭോക്തൃ സമിതിയുടെ ചെലവ് കണക്കുകൾ പ്രകാരം വാങ്ങിയതും,അംഗീകരിച്ചതുമായ സിമന്റിന്റെ അളവും (ക്വിന്റൽ) ചുവടെ ചേർക്കുന്നു.

| ഇനം | അളവ് പുസ്തക പ്രകാരം ചെയ്ത | ആവശ്യമായ സിമന്റ് (ക്വിന്റലിൽ) | സമിതിവാങ്ങിയതും അംഗീകരിച്ചതുമായ സിമന്റിന്റ അളവ് |
|---|---|---|---|

| | | | |
|---|---|---|---|
| | അളവ് | | |
| 40എംഎംമെറ്റൽഉപയോഗിച്ച് 1:4:8ആനപാതത്തിൽസിമന്റ് കോൺക്രീറ്റ് | 46.432 M3 | 46.432 x1.71 =79.39 | 112.5ക്വിന്റൽ (225ബാഗ്) |
| 20എംഎംമെറ്റൽഉപയോഗിച്ച് 1:2:4ആനപാതത്തിൽസിമന്റ് കോൺക്രീറ്റ് | 34.824M3 | 34.824x3,30=114.92 | |
| കുറവ് | 194.31(79.39+114.92)-112.5 = 81.81ക്വിന്റൽ | | |

ബിൽ പ്രകാരം ചെയ്ത കോൺക്രീറ്റ് പ്രവൃത്തിയുടെ ആകെ ചെലവ്

| | |
|---|---|
| 1:4:8 using 40mm | 46.432 M3x@5022.61/M3=2,33,209.83 |
| 1:2:4using 40mm | 34.824M3x@6383.19M3=2,22,288.21 |
| ആകെ | 4,55,498/ |

കുറവുള്ളസിമന്റിന്റെ ശതമാനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കുറവുള്ളസിമന്റിന്റെ ശതമാനം | (81.81x100)/194.31=42.10% |
| കുറവ് വന്ന സിമന്റിന് ആനുപാതികമായ ചെലവ് | 4,55,498x42.10%=1,91,765/ |

പ്രവൃത്തിയുടെ നിരക്ക് ഡി എസ് ആർ പ്രകാരമുള്ളതാണ്

ബി)

| | |
|---|---|
| പ്രോജക്റ്റ് നം. | 71/16 |
| പ്രവൃത്തിയുടെ പേര് | മേപ്പാടി വയൽ റോഡ് കോൺക്രീറ്റ് |

| | |
|---|---|
| വകയിരുത്തിയ തുക | 7,25,000/രൂപ |
| ഫണ്ട് | പ്ലാൻ-ജനറൽ2,25,000+ ധനകാര്യകമ്മിഷൻ ഗ്രാന്റ്5,00,000 |
| ചെലവ് | 6,81,076/രൂപ |
| സാങ്കേതിക അനുമതി | 638/14-15തിയ്യതി 19-9-14 |
| ബിൽ നമ്പർ | 90/15-2-16 |
| കൺവീനർ | ഷംസുദ്ദീൻ .എ |
| എഗ്രിമെന്റ് നം | 99/28-1-15 |
| വാർഡ് നം. | V |
| എം ബുക്ക് നം | 89/14-15 |

അളവ് പുസ്തകപ്രകാരം ചെയ്ത വൃത്തിയ്ക്ക് ആവശ്യമായ സിമന്റിന്റെ അളവും, ഗുണഭോക്തൃ സമിതിയുടെ ചെലവ് കണക്കുകൾ പ്രകാരം വാങ്ങിയതും,അംഗീകരിച്ചതുമായ സിമന്റിന്റെ അളവും (ക്വിന്റൽ) ചുവടെ ചേർക്കുന്നു.

| ഇനം | അളവ് പുസ്തക പ്രകാരം ചെയ്ത അളവ് | ആവശ്യമായ സിമന്റ് (ക്വിന്റലിൽ) | സമിതി വാങ്ങിയതും അംഗീകരിച്ചതുമായ സിമന്റിന്റ അളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 40എംഎംമെറ്റൽഉപയോഗിച്ച് 1:4:8ആനുപാതത്തിൽസിമന്റ്കോൺക്രീറ്റ് | 74.548M3 | 74.548 x1.71=127.48 | 215ക്വിന്റൽ (430ബാഗ്) |
| 20എംഎംമെറ്റൽഉപയോഗിച്ച് 1:2:4ആനുപാതത്തിൽസിമന്റ് കോൺക്രീറ്റ് | 29549dm3 | 29549x.0033 =97.51 | |
| കുറവ് | 224.99(127.48+97.51)-215=9.99ക്വിന്റൽ | | |

ബിൽ പ്രകാരം ചെയ്ത കോൺക്രീറ്റ് പ്രവൃത്തിയുടെ ആകെ ചെലവ്

| | |
|---|---|
| 1:4:8 using 40mm | 74.548M3x@ 5081/m3=3,78,778.39 |
| 1:2:4using 40mm | 29549/dm3x@71/10dm3=2,09,798 |
| ആകെ | 5,88,576/ |

കുറവുള്ളസിമന്റിന്റെ ശതമാനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കുറവുള്ളസിമന്റിന്റെ ശതമാനം | (9.9x100)/224.98=4.40% |
| കുറവ് വന്ന സിമന്റിന് ആനുപാതികമായ ചെലവ് | 5,88,576 x4.40%=25,897 |

ഫയൽ പരിശോദിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത പ്രവൃത്തിയുടെ ബിൽപരിശോധിച്ചതിൽ ക്രമ നമ്പർ 4പ്രകാരം പാറപ്പൊടി(ക്വാറി മക്ക്) കൊണ്ടുവന്ന് വിരിച്ചതിന് 14,700/ രൂപ ചെലവ് വന്നിട്ടുണ്ട്(15m3x@ 980/m3 = 14,700/ രൂപ)എന്നാൽ അംഗീകരിച്ച ഗുണഭോക്തൃ സമിതി യുടെ വരവ് ചെലവ് കണക്കിൽ പാറപ്പൊടികൊണ്ടുവന്നതിന്റെ ചെലവ് രേഖപ്പെടുത്തിയതായി കാണുന്നില്ല.ബില്ലും ഫയലിനോടൊപ്പമില്ല.ആയതിനാൽ ഗുണഭോക്തൃ സമിതി ചെലവ്കണക്കിൽപ്പെടാത്ത 14,700 അംഗീകരിക്കാവുന്നതല്ല പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/22-10-2016 ) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ഉപയോഗിക്കാത്ത സിമന്റിന് നൽകിയ തുക 2,32,362/രൂപ (1,91,765/+25,897+14,700 )ഓഡിറ്റിൽ അനുവദനീയമല്ല.

## 3-12 ഈ ടെണ്ടർ സമ്പ്രാദായം -നടപടിക്രമങ്ങൾ

<u>പാലിച്ചിട്ടില്ല.</u>

പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോദിച്ചതിൽ ചുവടെപറയുന്ന പ്രവൃത്തികൾ ഈടെണ്ടർ മുഖേനയാണ് നടപ്പിലാക്കിയത്.വ്രവൃത്തി വിവരം ചുവടെ ചേർക്കുന്നു.

എ)

| | |
|---|---|
| പ്രോജക്റ്റ് നം. | 251/16/16 |
| പ്രവൃത്തിയുടെ പേര് | ആനപ്പാറ പക്കാളിപ്പള്ളം റോഡ് റീടാറിംഗ് |
| വകയിരുത്തിയ തുക | 5,20,000/രൂപ |
| ഫണ്ട് | മെയ്ന്റനൻസ്ഗ്രാന്റ്. |
| ചെലവ് | 5,20,000/രൂപ |
| സാങ്കേതിക അനുമതി | 473/15-16തിയ്യതി 23-7-15 |
| ബിൽ നമ്പർ | 87/22-9-16 തുക1 |
| കരാറുകാരൻ | വി കെ ഹംസ |
| എഗ്രിമെന്റ് നം | 80/3-10-15 |
| വാർഡ് നം. | Xv11 |
| എം ബുക്ക് നം | 73/15-16 |

ബി)

| | |
|---|---|
| പ്രോജക്റ്റ് നം. | 249//16 |
| പ്രവൃത്തിയുടെ പേര് | എരുമക്കൊല്ലി ചെമ്പ്ര റോഡ് ടാറിംഗ് |
| വകയിരുത്തിയ തുക | 5,00,000/രൂപ |
| ഫണ്ട് | മെയ്ന്റനൻസ്ഗ്രാന്റ് |
| ചെലവ് | 5,00,000/രൂപ |
| സാങ്കേതിക അനുമതി | 470/15-16തിയ്യതി 23-7-15 |
| ബിൽ നമ്പർ | 120/23-3-16 |
| കൺവീനർ | അഭിലാഷ് കെ കെ |
| എഗ്രിമെന്റ് നം | 116/3-10-15 |

| | |
|---|---|
| വാർഡ് നം. | v1 |
| എം ബുക്ക് നം | 82/15-16 |

സി)

| | |
|---|---|
| പ്രോജക്റ്റ് നം. | 46//16 |
| പ്രവൃത്തിയുടെ പേര് | മേപ്പാടി പബ്ലിക് ലൈബ്രറി ഹാൾ പൂർത്തികരണം |
| വകയിരുത്തിയ തുക | 5,00,000/രൂപ |
| ഫണ്ട് | ലോക ബാങ്ക് ധനസഹായം |
| ചെലവ് | 5,00,000/രൂപ |
| സാങ്കേതിക അനുമതി | 1019/15-16തിയ്യതി 6-10-15 |
| ബിൽ നമ്പർ | 106/23-3-16 |
| കൺവീനർ | അഭിലാഷ് കെ കെ |
| എഗ്രിമെന്റ് നം | 116/3-10-15 |
| വാർഡ് നം. | v1 |
| എം ബുക്ക് നം | 106/15-16 |

ടെണ്ടർ ഫോറം വില ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല. ഈടെണ്ടർ സമ്പ്രാദായം പ്രകാരം ടെണ്ടർ ഫോറം വില നിലവിൽ ജില്ലാപഞ്ചായത്ത് എക്സി. എൻജിനിയറുടെ അക്കൗണ്ടിലേയ്ക്കാണ് വരവ് വെക്കുന്നത് എന്ന് അസി. എൻജിനിയർ നേരിട്ട് ഓഡിനെ അറിയിച്ചിട്ടുണ്ട്.ഇത് ക്രമ വിരുദ്ധമാണ് .ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന്റെ വരുമാനമാണ് . ആയതിനാൽ ഈ യിനത്തിൽ ഗ്രാമ പഞ്ചായത്തിന് ഒടുക്കേണ്ട തുക തിരികെ ഈടാക്കേണ്ടതാണ്.

ഫയൽ പരിശോദിച്ചതിൽ കണ്ടെത്തിയമറ്റു അപാകങ്ങൾ ചുവടെ ചേർക്കുന്നു.

അനുബന്ധ ഫയൽ പരിശോധിച്ചതിൽ, കരാറിൽ എത്രപേർ പങ്കെടുത്തു എന്നത് വ്യക്തമല്ല. ലഭിച്ച ടെണ്ടറുകൾ ടാബുലേറ്റ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. ആയതിനാൽക്വാട്ട് ചെയ്ത നിരക്കിന്റെ കൃത്യത പരിശോദിക്കാൻ കഴിയുന്നില്ല. ഫയലിൽ കരാറുകാരൻ ഹാജരാക്കിയ കൺഫോർമേഷൻ(Bid submission conformation)ഇല്ല. ടെണ്ടർ സ്വീകരിച്ചത്, സെലക്ഷൻ നോട്ടീസ് നൽകൽ,സൈറ്റ് കൈമാറൽ ഇവയൊന്നും ഫയലിനോടൊപ്പമില്ല. പരാമർശം സംബന്ധിച്ച മറുപടി ലഭ്യമാക്കേണ്ടതാണെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

(14/24-10-2016) മറുപടി ലഭിച്ചിട്ടില്ല. ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട തുക ഈടാക്കി പഞ്ചായത്തിൽ ഒടുക്കേണ്ടതും, പരാമർശ്ശങ്ങൾക്ക് ഉചിതമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 3-13 സംരക്ഷണ ഗ്രാന്റ് (റോഡ്) വകമാറ്റി റോഡ് കോൺക്രീറ്റിന് വിനിയോഗിച്ചു.

അസി.എൻജിനിയർ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ, സംരക്ഷണ ഗ്രാന്റ് (റോഡ്) വിനിയോഗിച്ച് റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ് നടപ്പാക്കിയത്.

ഗ്രാമപഞ്ചായത്തിന്റെ പല പ്രധാന റോഡുകളും യഥാസമയം അറ്റകുറ്റ പണികൾ നടത്താത്തതിനാൽ ഗതാഗത യോഗ്യമല്ലാത്ത അവസ്ഥയിലാണുള്ളത്. റോഡ് സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് ഇവയുടെ അറ്റകുറ്റപണികൾ പൂർത്തിയാക്കേണ്ടതിനു പകരം ഏതാനും വ്യക്തികളുടെ വീടുകളിലേക്കുള്ള റോഡുകൾ നടപ്പാത എന്ന പേരിൽ ഫണ്ട് വകമാറ്റി സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് വിനിയോഗിച്ചിരിക്കുകയാണ്. 20 റോഡുകൾക്കായി 55,33,259/- രൂപ ഇത്തരത്തിൽ വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|---|---|
| 1 | 63/16 | മുണ്ട് പാറക്കുന്ന് നൂറേക്ര റോഡ് കോൺക്രീറ്റ് | 148916,/രൂപ | 15/30-09-15 |
| 2 | 65/16 | ഉപ്പുപാറ കളങ്ങോത്ത് റോഡ് കോൺക്രീറ്റ്. | 2,00,000/രൂപ | 34/17-11-15 |
| 3 | 66/16 | ഉപ്പുപാറ കല്ലുമല റോഡ് കോൺക്രീറ്റ്. | 4,00,000/രൂപ | 13/28-9-15 |
| 4 | 68/16 | ചൂരൽമല ഫോർമണ്ണൻ റോഡ് കോൺക്രീറ്റ്. | 4,90,000/രൂപ | 7/23-9-15 |

| | | | | |
|---|---|---|---|---|
| 5 | 71/16 | ഫോർമണ്ണൻ വില്ലേജ്ഓഫീസ് റോഡ് കോൺക്രീറ്റ്. | 3,00,000/രൂപ<br>1,89,990/രൂപ | 11/25-9-15<br>12/25-9-15 |
| 6 | 73/16 | വില്ലേജ്ഓഫീസ് ഗോപിമൂല റോഡ് കോൺക്രീറ്റ്. | 4,20,000,/രൂപ | 85/29--16 |
| 7 | 78/16 | തുറയൻകുന്ന് റോഡ് കോൺക്രീറ്റ്. | 3,00,000/രൂപ | 67/31-12-15 |
| 8 | 79/16 | മേലെ മണ്ടകകുനി റോഡ്കോൺക്രീറ്റ്. | 1,78,867/രൂപ | 109/11-3-16 |
| 9 | 52/16 | നെടുമ്പാല പുതുക്കടി ജയൻ റോഡ് കോൺക്രീറ്റ്. | 1,86,821/രൂപ | 131/28-3-16 |
| 10 | 56/16 | കള്ളാടി റോഡ് കോൺക്രീറ്റ്. | 3,95,711./രൂപ | 78/25-1-16 |
| 11 | 58/16 | മുണ്ടുപറ കെഴക്കള്ളിറോഡ് കോൺക്രീറ്റ് | 2,00,,000/രൂപ | 53/18-12-15 |
| 12 | 123/16 | ട്രൈബൽ ഹോസ്റ്റൽ വിത്ത്കാട് റോഡ് കോൺക്രീറ്റ് | 3,00,000/രൂപ | 47/16-12-15 |
| 13 | m124/16 | കുന്നമ്പറ്റ കൈതക്കൊല്ലി റോഡ് കോൺക്രീറ്റ് | 99,083/രൂപ | 83/29-1-16 |
| 14 | 85/16 | പുതുക്കടി നെടുംമ്പാലവിത്ത്കാട് റോഡ് കോൺക്രീറ്റ് | 2,50,000/രൂപ | 75/16-1-16 |

| | | | | |
|---|---|---|---|---|
| 15 | 89/16 | ചൂരൽമല കൊയ്ത്താക്കളംറോഡ് കോൺക്രീറ്റ് | 490,000/രൂപ | 09/25-9-16 |
| 16 | 94/16 | ചൂരൽമല കൊയ്ത്താക്കളം അംബേദ്ക്കർകോളനി നീലിക്കാപ്പ് ബൈപ്പാസ് റോഡ്കോൺക്രീറ്റ് | 4,69,004/രൂപ | 59/19-12-15 |
| 17 | 101/16 | ഓടത്തോട്അയ്യപ്പക്ഷേത്രം താഴെ റോഡ് കോൺക്രീറ്റ് | 3,44,305/രൂപ | 129/28-3-16 |
| 18 | 143/16 | പറക്കാം വയൽ റോഡ് കോൺക്രീറ്റ് | 2,00.000/രൂപ | 131/29-3-16 |
| 19 | 283/16 | മുണ്ടകകുനി റോഡ് കോൺക്രീറ്റ് | 3,60,243/രൂപ | 109/11-3-16 |
| 20 | 288/16 | മുണ്ടകൈഅംഗനവാടിയ്ക്ക്സമീപമുള്ള നടപ്പാത കോൺക്രീറ്റ് | 2,79,323/രൂപ | 138/28-3-16 |
| | | ആകെ | 55,33,259/രൂപ | |

സംരക്ഷണ ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റ പണിയാണ് നടത്തേണ്ടത്. അറ്റകുറ്റ പണികൾ നടത്തിയതിന് ശേഷവും സംരക്ഷണ ഗ്രാന്റ് (റോഡ്) ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികൾ നടത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ റോഡുകളിൽ ഒന്നും അറ്റകുറ്റ പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തതിന് ശേഷമായിരിക്കണം മറ്റ് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത്. (സർക്കുലർ നം. 68228/FM1/2012/LSGD, 28.11.2012 കാണുക).

IRC സ്പെസിഫിക്കേഷൻ പ്രകാരം വളവുകൾ, മാർക്കറ്റുകൾ, ബസ്സ് സ്റ്റാന്റുകൾ തുടങ്ങിയ പരിമിതമായ സ്ഥലങ്ങൾ (ടാറിംഗ് ഫലവത്തല്ലാത്ത സ്ഥലങ്ങളിൽ കുറഞ്ഞ ദൂരം) സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിനെ അനുമതിയുള്ളൂ. അല്ലാതുള്ള റോഡുകൾ ടാറിംഗാണ് ചെയ്യേണ്ടത്.സുഗമമായ വാഹന ഗതാഗതം സാധ്യമായ റോഡുകൾ, നടപ്പാത എന്ന പേരിൽ സംരക്ഷണ ഗ്രാന്റ് (റോഡ്) വകമാറ്റി സിമന്റ് കോൺക്രീറ്റ് ചെയ്യതതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച് തുക 55,33,259/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 പൊതുമരാമത്ത്പ്രവൃത്തികൾ- വാറ്റ്ഇനത്തിൽകോമ്പൗണ്ടിംഗ് സർട്ടിഫിക്കേറ്റ് പ്രകാരമുള്ള നിരക്ക് ഇടാക്കിയില്ല-നഷ്ടം-78,349/രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ അസി. എഞ്ചിനിയർ.കരാർ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, 2015-16 സാമ്പത്തിക വർഷം വാറ്റ് ഇനത്തിൽ കോമ്പൗണ്ടിംഗ് സർട്ടിഫിക്കേറ്റ് പ്രകാരമുള്ള നിരക്ക് ഇടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പേര് | അടങ്കൽ | ഫണ്ടിനം | പ്രവൃത്തി മൂല്യം | കരാറു കാരന്റെ പേര് | ഈടാക്കേണ്ട നിരക്ക്(4%) | ഈടാക്കിയത് ( 3%) | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | 46 | മേപ്പാടി പബ്ലിക്ക് ലൈബ്രറി ഹാൾ പൂർത്തീകരണം | 5,00,000 | World Bank | 4,35,500 | കെ പി സനോജ് | 17,420 | 13,065 | 4355 |
| 2 | 57 | നെല്ലിമുണ്ട എഫ്.ഡി റോഡ് റീ ടാറിംഗ് | 2,00,000 | 13th FC | 2,00,000 | വി. കെ ഹംസ ബാവ | 8,000 | 6000 | 2000 |
| 3 | 59 | നെല്ലിമുണ്ട അമ്പലം റോഡ് റീ ടാറിംഗ് | 3,00,000 | MG(R) | 3,00,000 | കെ പി സനോജ് | 12,000 | 9000 | 3000 |
| 4 | 181 | നെല്ലിമുണ്ട അഞ്ചു റോഡ് റീ ടാറിംഗ് | 4,00,000 | MG(R) | 4,00,000 | കെ പി സനോജ് | 16,000 | 12,000 | 4000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 5 | 64 | നെല്ലിമാളം മുണ്ടപാററോഡ് | 4,50,000 | MG(R) | 4,50,000 | പ്രവീൺ കെ.പി | 18,000 | 13,500 | 4500 |
| 6 | 87 | നെട്ടംമ്പാല ചൂരക്കുനിറോഡ് ടാറിംഗ് | 4,50,000 | MG(R) | 4,50,000 | പ്രവീൺ കെ.പി | 18,000 | 13,500 | 4500 |
| 7 | 204 | അംഗണ വാടികളുടെ വൈദ്യുതികരണം | 1,00,000 | Plan | 34,092 | സോമൻ | 1,364 | 1023 | 341 |
| 8 | 206 | കുന്നമ്പറ്റ സ്കൂൾ റോഡ് ടാറിംഗ് | 4,00,000 | MG(R) | 4,00,000 | കെ പി സനോജ് | 16,000 | 12,000 | 4000 |
| | 221 | പഞ്ചായത്ത് റോഡ് ടാറിംഗ് | 3,00,000 | Own Fund | 3,00,000 | കെ പി സനോജ് | 12,000 | 9,000 | 3000 |
| 9 | 223 | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ റിപ്പയർ | | | | | | | |
| | 1 | ചെമ്പോത്തറ സബ് സെന്റെർ റിപ്പയർ | 2,00,000 | MG(N) | 2,00,000 | ലിബിൻ ജോൺ | 8,000 | 6000 | 2000 |
| | 2 | മുണ്ടകൈ ജി എൽ പി എസ് റിപ്പയർ | 1,02,563 | MG(N) | 1,02,563 | ബോസ്. എൻ എസ് | 4,103 | 3,077 | 1026 |
| | 3 | നെട്ടംമ്പാലജി എൽ പി എസ് റിപ്പയർ | 4,70,000 | MG(N) | 3,76,222 | പ്രവീൺ കെ.പി | 15,049 | 11,287 | 3762 |
| | 4 | കള്ളാടി മീനാക്ഷി വിലാസ് ജി എൽ പി എസ് റിപ്പയർ | 3,56,812 | MG(N) | 3,15,565 | കെ പി സനോജ് | 12,623 | 9,467 | 3156 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | 202 | അനുബന്ധ സ്ഥാപനങ്ങൾ റിപ്പയർ | | | | | | | |
| | 1 | പുത്തൂമല ജി എൽ പി എസ് സ്റ്റോർ റൂം റിപ്പയർ | 3,19,000 | MG(N) | 2,07,888 | അഭിലാഷ് കെ കെ | 8,316 | 6,237 | 2079 |
| | 2 | അംഗൻവാടി റിപ്പയർ | 4,63,000 | MG(N) | 3,42,335 | അഭിലാഷ് കെ കെ | 13,693 | 10,270 | 3423 |
| 10 | 227 | വൃദ്ധ വികലാംഗ മന്ദിരം വൈദ്യുതികരണം | 49,082 | Plan | 49,082 | സോമൻ | 1,963 | 1,472 | 491 |
| 11 | 248 | കുന്നമംഗലം വയൽ അംഗൻവാടി റോഡ് ടാറിംഗ് | 1,00,000 | MG(R) | 98,727 | വി. കെ ഹംസ ബാവ | 3,949 | 2,962 | 987 |
| 12 | 249 | എരുമക്കൊല്ലി ചെമ്പ്ര റോഡ് ടാറിംഗ് | 5,00,000 | MG(R) | 5,00,000 | അഭിലാഷ് കെ കെ | 20,000 | 15,000 | 5000 |
| 13 | 251 | ആനപ്പാറ പക്കാളിപ്പള്ളം റോഡ് ടാറിംഗ് | 5,20,000 | MG(R) | 5,20,000 | വി. കെ ഹംസ ബാവ | 20,800 | 15,600 | 5200 |
| 14 | 286 | ചൂരൽ മല മുണ്ടകൈ റേഡ് ഡ്രൈനേജ് | 1,00,000 | 13th FC | 1,00,000 | കെ പി സനോജ് | 4,000 | 3000 | 1000 |
| 15 | 297 | കർപ്പൂരക്കാട് ബാവയുടെ വീടിനു മുൻപശം | 1,00,000 | 13th FC | 1,00,000 | കെ പി സനോജ് | 4,000 | 3000 | 1000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | റോഡിൽ കൾവർട്ട്. | | | | | | | |
| 16 | 174 | പഞ്ചമി പാലവയൽ റോഡ് റീ ടാറിംഗ് | 4,00,000 | MG(R) | 4,00,000 | പ്രവീൺ കെ.പി | 16,000 | 12,000 | 4000 |
| 18 | 232 | ഗ്രാമപഞ്ചായത്ത് ഓഫീസ് പൂർത്തികരണം. | 16,90000 | 13th FC | 15,52,816 | സുരേന്ദ്രൻ | 62,113 | 46,584 | 15529 |
| | | | | | | | | | |
| | | | 84,70,457 | | 78,50,208 | | 3,13,393 | 2,35,044 | 78,349 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(15/24-10-2016) മറുപടി ലഭിച്ചിട്ടില്ല. അർഹമായ വാറ്റ് ഈടാക്കത്തതിനാൽ നഷ്ടം വന്ന 78,349/-രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടക്കേണ്ടതാണ്.

## 3-15 പൊതുമരാമത്ത്പ്രവൃത്തികൾ-; ചെമ്പ്ര എസ് സി കോളനി വൈദ്യുതികരണം .സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

പ്രോജക്റ്റ് നം.183/16 പ്രകാരം 1,65,000/ രൂപ( എസ് സി പി) ചെമ്പ്ര എസ് സി കോളനി വൈദ്യുതികരണത്തിന് (ലൈൻ കൺസ്ട്രക്ഷൻ ) വകയിരുത്തിയിട്ടുണ്ട്ണ്ട്. കെ എസ് സി ബിയുടെ എസ് റ്റിമേറ്റ് പ്രകാരം 1,65,000/- രൂപ (ബിൽ നം.1/ 17-7-15)എസ് സി ബിയ യിൽ ഒടുക്കിയിട്ടുണ്ട്.എന്നാൽ പ്രവൃത്തി പുരോഗതി അതായത് കെ എസ് സി ബി യിൽ നിന്നുള്ള സാക്ഷ്യപത്രം ,മോണിറ്ററിംഗ് റിപ്പോർട്ട് ഇവയൊന്നും ഫയലിലില്ല.രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക 1,65,000/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പുരോഗതി അറിയിക്കേണ്ടതാണ്.

## 3-16 കേരള കൺസ്ട്രക്ഷൻ വർകേർസ് വെൽഫെയർ ഫണ്ട് ഒടുക്ക് -കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷം അസി എഞ്ചിനിയർ നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ, വിവിധ മരാമത്ത്പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 4,17,562/- രൂപ അസി. എഞ്ചിനിയർ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ട്. (ഡി ഡി നമ്പർ 041548/07-04-2016) അനുബന്ധ ഫയലിൽ കൈപ്പറ്റ് രശീതില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-17 ചൂരൽ മല വൃദ്ധ വികലാംഗ മന്ദിരം -ലക്ഷ്യം കൈവരിച്ചില്ല.

2013-14 സാമ്പത്തിക വർഷം പ്രോജക്ട് നം. 136/13 പ്രകാരം 10,00,000/- രൂപ (എസ് സി പി)ചെലവഴിച്ച് കെട്ടിടത്തിന്റെ സ്ടക്ച്ചർ നിർമ്മാണം പൂർത്തികരിച്ചു. എന്നാൽ 2013-14,2014-15 വർഷങ്ങളിൽ പ്രസ്തുത കെട്ടിടത്തിന് യാതൊരുവിധ അനുബന്ധ പ്രവൃത്തികളും നടപ്പിലാക്കിയിട്ടില്ല.

തുടർന്ന് 2015-16 സാമ്പത്തിക വർഷം വൈദ്യുതികരണത്തിനായി പ്രോജക്ട് നം. 227/16 പ്രകാരം 49,082/- രൂപ (എസ് സി പി) വകയിരുത്തിട്ടുണ്ട്. ചെലവ് -48.604/- രൂപ ബിൽ നമ്പർ106/15-16തിയ്യതി 16-3-2016 (കരാറുകാരൻ- കെ സോമൻ -എഗ്രിമെന്റ് നംമ്പർ112/30-10-15 )

ബഹുവർഷ പ്രോജക്റ്റായല്ല പ്രവൃത്തി നടപ്പിലാക്കിയത് . തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സബസിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ ജി ഒ (എം എസ് ) 395/2013 തസ്വഭവ തിയതി 30-12-2013 പ്രകാരം നിർമ്മാണ പ്രവൃത്തി പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകാണുന്നില്ല. കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാക്കുമ്പോൾ പ്രസ്തുത കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ ഏതെല്ലാം പ്രവൃത്തികൾ ആവശ്യമാണോ, അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തി, ഓരോയിനം പ്രവൃത്തിയ്ക്കും (ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്) എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തേണ്ടതുമാണ്. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗീകമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവ തയ്യാറാക്കിയെങ്കിൽ അതിന് അംഗീകാരം നൽകുവാനോ പാടില്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായാണ് ഏറ്റെടുക്കേണ്ടത്. നടപടിക്രമങ്ങൾ പാലിച്ചില്ല.കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

## 3-18 ആശ്രയ പദ്ധതി -പുരോഗതി വിവരം(ജനറൽ)

ആശ്രയ പദ്ധതിയമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ , 2010-2011 വർഷം റി-വിസിറ്റ് നടത്ത് തയ്യാറാക്കിയ പ്രോജക്ടിൽ വകയിരുത്തിയ തുക 16,03,490/- രൂപ. നിലവിൽ 68 കുടുംബങ്ങളാണ് ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

പദ്ധതി പ്രകാരം റി-വിസിറ്റ് നടത്ത് തയ്യാറാക്കിയ പ്രോജക്ടിൽ വകയിരുത്തിയ തുകയുടെ വിവരംഇപ്രകാരം.

| ഇനം | ആവശ്യമായ തക | ഫണ്ട് വിവരം |
|---|---|---|
| ഭക്ഷണം | 2,45,490- | കുടുംബശ്രീ |
| ചികിത്സ | 1,08,000- | -ടി- |
| വസ്ത്രം | 48,000- | സന്നദ്ധ സംഘടന |
| പെൻഷൻ | 1,65,000- | പഞ്ചായത്ത് ഫണ്ട് |
| സ്വയം തൊഴിൽ | 1,90,000- | കുടുംബശ്രീ |
| വിദ്യാഭ്യസം | 22,000- | പഞ്ചായത്ത് ഫണ്ട് |
| വീട് റിപ്പയർ | 1,10,000- | പഞ്ചായത്ത് ഫണ്ട് |
| ഭ്രമി നൽകൽ | 50,000- | പഞ്ചായത്ത് ഫണ്ട് |
| വീട് | 6,25,000- | പഞ്ചായത്ത് ഫണ്ട് |
| ആകെ | 16,03,490/രൂപ | |

പ്രോജക്ട് പ്രകാരം 16,03,490/-രൂപ വകയിരുത്തിയെങ്കിലും, ലഭിച്ചത് 5,43,490/-രൂപ മാത്രമാണ് (ഭക്ഷണം 2,45,490 + ചികിത്സ 108000+ സ്വയം തൊഴിൽ 1,90,000 ) ഭക്ഷണം മാത്രമാണ് നിലവിൽ നൽകിവരുന്നത്. ഭക്ഷണത്തിന് ലഭ്യമായ 2,45,490/ രൂപ തികയാതെ വന്നപ്പോൾ ആശ്രയ വിലയിരുത്തൽ സമിതിയുടെ തീരുമാനപ്രകാരം(1/22-12-2015) സ്വയം തൊഴിൽ ന് ലഭ്യമായ 1,90,000 /രൂപ കൂടി ഭക്ഷണ വിതരണത്തിന് ഉപയോഗിക്കാൻ തീരുമാനിച്ചു.എന്നാൽ സ്റ്റേറ്റ് മിഷന്റെ അനുമതിയില്ലാതെ സ്വയം തൊഴിൽ ന് ലഭ്യമായ തുകകൂടി ഭക്ഷണ വിതരണത്തിന് വിനിയോഗിച്ചത് ക്രമവിരുദ്ധമാണെന്ന് സ്റ്റേറ്റ് മിഷൻ അറിയിച്ചതിനാൽ, 6-5-2016 ന് ശേഷം ഭക്ഷണ വിതരണം നിർത്തിവെച്ചിരിക്കുകയാണ്.

പ്രോജക്ട് പ്രകാരം അതിജീവന ആവശ്യങ്ങൾക്ക് വകയിരുത്തിയ (ഭക്ഷണ ,വസ്ത്രം,പെൻഷൻ,ചികിത്സവിദ്യാഭ്യസം) ഇനത്തിൽ ചികിത്സയ്ക്കായി ലഭിച്ച തുക ചെലവഴിച്ചിട്ടില്ല. മറ്റു ഇനങ്ങളിൽ വകയിരുത്തിയ തുക ലഭിക്കാത്തതും, പഞ്ചായത്ത് ഫണ്ട് ലഭിക്കാത്തതും ആശ്രയ ഗുണഭോക്താക്കളെ അവഗണിക്കുന്നതിന് തുല്ല്യമാണ്.

വർഷം തോറും റീ-വിസിറ്റ് നടത്തി ഗുണഭോക്താക്കളുടെ ആവശ്യകത കണ്ടെത്തി, മുൻഗണന ക്രമത്തിൽ ലിസ്റ്റ് തയ്യാറാക്കി ഗുണഭോക്താക്കൾക്ക് അത്യാവശ്യം വേണ്ട പരിചരണം ഉറപ്പുവരുത്തുന്നതിന് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ആശ്രയ എസ് റ്റി പ്രോജക്റ്റിന് (2016-17,2019-2020)അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും,ഫണ്ട് ലഭിച്ചിട്ടില്ല.

രണ്ടാം ഘട്ട ജനറൽ പ്രോജക്റ്റിന്(2016-2017)അംഗീകാരം ലഭിച്ചു.ആദ്യഗഡു (ഡിഡി നം.1511110/8-3-2016)5,00,000/രൂപ ലഭിച്ചിട്ടുണ്ടെങ്കിലും തുക സിഡിഎസി നൽകിയിട്ടില്ല.പ്രസ്തുത തുക സിഡിഎസി ന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 4-1.സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വായ്പ വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 19605/- രൂപ ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 3.11 | 2012-13 | 4.8.1 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി - സിമന്റ് പൈപ്പ് വിതരണം. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം/ തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടു വിച്ച വിവരം | ചാറ്റേർഡ് അക്കൗ ണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണ ക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1<br>2<br>3 | ഗവ.ആയുർവേദ മൊബൈൽ ഡിസ്പെൻസറി<br>സി.എച്ച്.സി, മേപ്പാടി<br>ഹോമിയോ ഡിസ്പെൻസറി, മേപ്പാടി | 2006/<br>01/06/06<br>2007/<br>21/06/07<br>2007 | ഇല്ല<br>2011-12,<br>2012-13 | 11.06.2012 | | ഇല്ല | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68353812 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95401767 |
| വരവിനങ്ങളിലുള്ള നഷ്ടം | 9156 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 381623 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6303289 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 9156 | വി.ഹംസ<br>സെക്രട്ടറി |
| 3-7 | 49725 | ഡോ.പി.ആർ.പ്രദീപ് കുമാർ<br>വെറ്ററിനറി സർജൻ |
| 3-8 | 21187 | ഡോ.പി.ആർ.പ്രദീപ് കുമാർ<br>വെറ്ററിനറി സർജൻ |
| 3-11 | 232362 | അജിത് ജേക്കബ്<br>അസി.എഞ്ചിനീയർ |
| 3-14 | 78349 | അജിത് ജേക്കബ്<br>അസി.എഞ്ചിനീയർ |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 65000 | എൻ.അനിൽകുമാർ<br>അസി.സെക്രട്ടറി |

| | | |
|---|---|---|
| 3-9 | 138030 | കെ.എം.ബാബു<br>കൃഷി ഓഫീസർ |
| 3-10 | 402000 | അജിത് ജേക്കബ്<br>അസി.എഞ്ചിനീയർ |
| 3-13 | 5533259 | അജിത് ജേക്കബ്<br>അസി.എഞ്ചിനീയർ |
| 3-15 | 165000 | അജിത് ജേക്കബ്<br>അസി.എഞ്ചിനീയർ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.ഹംസ | സെക്രട്ടറി<br>മേപ്പാടി ഗ്രാമപഞ്ചായത്ത് | ശ്രേയസ്സ്<br>അമ്പിലേരി<br>കൽപ്പറ്റ |
| ഡോ.പി.ആർ.പ്രദീപ് കുമാർ | വെറ്ററിനറി ഡിസ്പെൻസറി<br>മേപ്പാടി | പുത്തൻ പറമ്പിൽ ഹൗസ്<br>പീച്ചി,തൃശ്ശൂർ |

| | | |
|---|---|---|
| ശ്രീ.അജിത് ജേക്കബ് | അസി.എഞ്ചിനീയർ<br>മേപ്പാടി ഗ്രാമപഞ്ചായത്ത് | കൈതയിൽ<br>ഹൗസ്<br>പുൽസൺ സ്ട്രീറ്റ്<br>കോട്ടയം |

( ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽ വിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന കണക്കുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1993-94 | എൽ.എഫ്(ഡബ്ല്യൂ)പി5 -549/14 തിയ്യതി 19.02.2015 |
| 1994-95 | എൽ.എഫ്(ഡബ്ല്യൂ)പി5 -549/14 തിയ്യതി 19.02.2015 |
| 1995-96 | എൽ.എഫ്(ഡബ്ല്യൂ)പി3-115/03 തിയ്യതി 05.07.2003 |
| 1996-97 | എൽ.എഫ്(ഡബ്ല്യൂ)പി3-124/01 തിയ്യതി 28.02.2001 |
| 1997-98 | എൽ.എഫ്(ഡബ്ല്യൂ)പി2-657/10 തിയ്യതി 16.02.2005 |
| 1998-99 | എൽ.എഫ്(ഡബ്ല്യൂ)പി3-592/01 തിയ്യതി 12.07.2002 |
| 1999-2000 | എൽ.എഫ്(ഡബ്ല്യൂ)പി3-63/02 തിയ്യതി 29.07.2012 |
| 2000-01 | എൽ.എഫ്(ഡബ്ല്യൂ)പി3-484/03 തിയ്യതി 06.02.2006 |
| 2001-02 (പ്ലാൻ) | എൽ.എഫ്(ഡബ്ല്യൂ)പി3-558/03 തിയ്യതി 10.05.2005 |
| 2001-02 (ഫുൾ) | എൽ.എഫ്(ഡബ്ല്യൂ)പി1-380/05 തിയ്യതി 26.02.2008 |
| 2002-03 | എൽ.എഫ്(ഡബ്ല്യൂ)പി1-192/06 തിയ്യതി 08.01.2008 |
| 2003-04 | എൽ.എഫ്(ഡബ്ല്യൂ)പി1-986/08 തിയ്യതി 08.04.2009 |
| 2004-05 | എൽ.എഫ്(ഡബ്ല്യൂ)പി1-997/08 തിയ്യതി 12.04.2003 |
| 2005-06 | എൽ.എഫ്(ഡബ്ല്യൂ)പി1-996/08 തിയ്യതി 02.04.2009 |
| 2006-07 | എൽ.എഫ്(ഡബ്ല്യൂ)പി1-880/11 തിയ്യതി 29.12.2011 |

| | |
|---|---|
| 2007-08 | എൽ.എഫ്(ഡബ്ല്യൂ)പി1-744/10(1) തിയ്യതി 28.03.2013 |
| 2008-09 | എൽ.എഫ്(ഡബ്ല്യൂ)പി1-843/13 തിയ്യതി 03.04.2014 |
| 2009-10 | എൽ.എഫ്(ഡബ്ല്യൂ)പി1-743/13 തിയ്യതി 27.05.2014 |
| 2010-11 | എൽ.എഫ്(ഡബ്ല്യൂ)പി1-744/12 തിയ്യതി 01.04.2014 |
| 2011-12 | എൽ.എഫ് .(ഡബ്ല്യൂ.)പി1-297/14 തിയ്യതി 18.07.2014 |
| 2012-13 | എൽ.എഫ്(ഡബ്ല്യൂ)പി4-212/15 തിയ്യതി 29.05.2015 |
| 2013-14 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി4-78/16 തിയ്യതി 30.03.2016 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4-493/16 തീയ്യതി 30.07.2016 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസർ, വയനാട്.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.-പി4-754/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

പിൻ -673121

തിയ്യതി :26/10/2016.

Phone- 04936 203672

Email- dowyd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

AUDIT CERTIFICATE

No. KSA.WYD-P4-754/16

Kerala State Audit Department

District Audit Office,

Wayanad, Kalpetta ,

Dated26/10/2016.

Email- dowyd.ksad@kerala.gov.in

<u>CRTIFICATE</u>

Certified that I have audited the Annual Financial Statement of Meppadi

GramaPanchayat in Wayanad District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial statements of Meppadi Gramapanchayat for the year 2015-16, except the observations in My audit report, properly presents the picture of income and expenditure.

Senior Deputy Director,

District office, Wayanad.